"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വനിതശിശു വികസന വകുപ്പ്- സ്റ്റേറ്റ് നിർഭയസെൽ- 100 % കേന്ദ്രാവിഷ്കൃത പദ്ധതിയായ 'വൺ സ്റ്റോപ്പ് സെന്റർ' പദ്ധതിയ്ക്ക് ലഭ്യമായ കേന്ദ്ര വിഹിതം തുക എസ്.എൻ.എ അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിന് അനുമതി നല്കി ഉത്തരവാകുന്നു.

---

**വനിതശിശു വികസന (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.16/2025/WCDD തീയതി,തിരുവനന്തപുരം, 10-01-2025

---

പരാമർശം:-
1. കേന്ദ്ര സർക്കാരിന്റെ 20-12-2024 ലെ WW-22/10/2015-WW (e-604) നമ്പർ കത്ത്.
2. കേന്ദ്ര സർക്കാരിന്റെ 20-12-2024 ലെ WW-22/10/2015-WW (e-604) നമ്പർ കത്ത്.
3. വനിതശിശു വികസന ഡയറക്ടറുടെ 03.01.2025-ലെ DWCD/7526/2024-NCPO3 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

100% കേന്ദ്രാവിഷ്കൃത പദ്ധതിയായ വൺ സ്റ്റോപ്പ് സെന്റർ ജീവനക്കാർക്കായുള്ള വേതനം ഉൾപ്പെടെ റെക്കറിംഗ് ഇനത്തിൽ 2024-25 ജൂലൈ മുതൽ സെപ്റ്റംബർ വരെയുള്ള രണ്ടാം ക്വാർട്ടറിലെ തുകയായ 1,33,33,600/- രൂപ പരാമർശം (1) പ്രകാരവും 2024-25 ഒക്ടോബർ മുതൽ ഡിസംബർ വരെയുള്ള മൂന്നാം ക്വാർട്ടറിലെ തുകയായ 1,33,33,600/- രൂപ പരാമർശം (2) പ്രകാരവും അനുവദിച്ചിട്ടുണ്ട്. ആയതിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഉത്തരവ് നം. | ഉത്തരവ് തീയതി | കംപോണന്റ് | തുക |
|---|---|---|---|---|
| 1 | WW-22/10/2015-WW (e-604) | 20.12.2024 | റിക്കറിംഗ് & വെഹിക്കിൾ ഫെസിലിറ്റി | 1,33,33,600/- |
| 2 | WW-22/10/2015-WW (e-604) | 20.12.2024 | റിക്കറിംഗ് & വെഹിക്കിൾ ഫെസിലിറ്റി | 1,33,33,600/- |

| | | | | |
|---|---|---|---|---|
| | ആകെ | | | 2,66,67,200/- |

അതിക്രമങ്ങൾ അതിജീവിച്ച സ്ത്രീകൾക്കും കുട്ടികൾക്കും സംരക്ഷണം നൽകുന്ന വൺ സ്റ്റോപ്പ് സെന്ററിന്റെ പ്രവർത്തനങ്ങൾക്കായി അനുവദിച്ചിട്ടുള്ള തുക തടസ്സം കൂടാതെ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുവാൻ വനിത ശിശു വികസന വകുപ്പ് ഡയറക്ടറുടെ പേരിൽ ബാങ്ക് ഓഫ് ബറോഡയിലെ നിലവിലുള്ള SNA അക്കൗണ്ടിലേക്ക് മാറ്റി നിക്ഷേപിക്കേണ്ടതുണ്ട്. 2024-25 സാമ്പത്തിക വർഷം 100% കേന്ദ്രാവിഷ്കൃത പദ്ധതിയായ വൺ സ്റ്റോപ്പ് സെന്ററിന്റെ 2235-02-103-72-01-00-00 (P) ശീർഷകത്തിൽ ആകെ 5,00,00,000/- രൂപ (അഞ്ച് കോടി രൂപ മാത്രം) വകയിരുത്തിയിട്ടുണ്ട്. ശീർഷകത്തിൽ 3,66,66,400/- രൂപ ബാക്കി നിൽക്കുന്നതായും കേന്ദ്ര റിലീസ് തുക മാറി നല്കുന്നതിന് ശീർഷകത്തിൽ മതിയായ തുക ലഭ്യമാണെന്നും വനിതശിശു വികസന ഡയറക്ടർ അറിയിച്ചിട്ടുണ്ട്. വൺ സ്റ്റോപ്പ് സെന്ററിന്റെ ജീവനക്കാരുടെ വേതനം ഉൾപ്പെടെയുള്ള ചെലവിനങ്ങൾക്ക് കേന്ദ്ര സർക്കാരിന്റെ ആകെ ലഭ്യമായ കേന്ദ്ര റിലീസ് തുകയായ 2,66,67,200/- രൂപ (രണ്ടു കോടി അറുപത്തി ആറു ലക്ഷത്തി അറുപത്തി ഏഴായിരത്തി ഇരുന്നൂറ് രൂപ മാത്രം) വൺ സ്റ്റോപ്പ് സെന്റർ പദ്ധതിക്കായി വനിത ശിശു വികസന വകുപ്പ് ഡയറക്ടറുടെ പേരിലുള്ള ബാങ്ക് ഓഫ് ബറോഡ, തിരുവനന്തപുരം മെയിൻ ശാഖയിലെ A/c No. 74840100008613 (IFSC Code: BARBOVJTHIR) എന്ന PFMS-SNA അക്കൗണ്ടിലേക്ക് അടിയന്തരമായി നിക്ഷേപിക്കുന്നതിനും പദ്ധതിയുടെ പ്രവർത്തനത്തിനായി വിനിയോഗിക്കുന്നതിനുമുള്ള അനുമതിയും ലഭ്യമാക്കണമെന്ന് വനിതശിശു വികസന ഡയറക്ടർ പരാമർശം (3) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

(2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. 100% കേന്ദ്രാവിഷ്കൃത പദ്ധതിയായ വൺ സ്റ്റോപ്പ് സെന്ററിന്റെ ജീവനക്കാരുടെ വേതനം ഉൾപ്പെടെയുള്ള ചെലവിനങ്ങൾക്ക് കേന്ദ്ര സർക്കാരിന്റെ ആകെ ലഭ്യമായ കേന്ദ്ര റിലീസ് തുകയായ 2,66,67,200/- രൂപ (രണ്ടു കോടി അറുപത്തി ആറു ലക്ഷത്തി അറുപത്തി ഏഴായിരത്തി ഇരുന്നൂറ് രൂപ മാത്രം) വൺ സ്റ്റോപ്പ് സെന്റർ പദ്ധതിക്കായി വനിത ശിശു വികസന വകുപ്പ് ഡയറക്ടറുടെ പേരിലുള്ള ബാങ്ക് ഓഫ് ബറോഡ, തിരുവനന്തപുരം മെയിൻ ശാഖയിലെ A/c No. 74840100008613 (IFSC Code: BARBOVJTHIR) എന്ന PFMS-SNA അക്കൗണ്ടിലേക്ക് നിക്ഷേപിക്കുന്നതിനും പദ്ധതിയുടെ പ്രവർത്തനത്തിനായി വിനിയോഗിക്കുന്നതിനുമുള്ള അനുമതി നല്കി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സന്തോഷ് കുമാർ.റ്റി.കെ.
അഡിഷണൽ സെക്രട്ടറി

വനിതശിശു വികസന വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.

സ്റ്റേറ്റ് കോർഡിനേറ്റർ, നിർഭയ സെൽ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ(ഡി.ബി.സെൽ) കേരള, തിരുവനന്തപുരം.

ധനകാര്യ വകുപ്പ്

വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by

Sithara Vijayan

സെക്ഷൻ ഓഫീസർ

Date: 10-01-2025 16:50:36